**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2527** **07-07-2022 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം കേന്ദ്രങ്ങളിലാണ് ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ; | (എ) | കേരളത്തിലുടനീളം 1140 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി, ഒരു നിയോജക മണ്ഡലത്തിൽ ചുരുങ്ങിയത് 5 ചാർജ്ജിംഗ് പോയിന്റുകൾ വരുന്ന തരത്തിലും കോർപ്പറേഷൻ പരിധിയിൽ വരുന്ന നിയോജകമണ്ഡലങ്ങളിൽ 15 ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുമായി കെ.എസ്.ഇ.ബി.എൽ. മുന്നോട്ട് പോകുന്നു.<br><br>അത്തരത്തിൽ പുതുക്കാട് നിയോജകമണ്ഡലത്തിൽ ചുവടെ ചേർക്കുന്ന സ്ഥലങ്ങളിലാണ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നത്. ഒരു മാസത്തിനകം പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1. നെല്ലായ്<br><br>2. പുതുക്കാട്<br><br>3. വരന്തരപ്പള്ളി<br><br>4. പാലേയംകര<br><br>5. വല്ലച്ചിറ<br><br>ദേശീയ പാത, എം.സി റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂര വ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി യാണ് അനെർട്ട് സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | ഓരോ പഞ്ചായത്തിലും കുറഞ്ഞത് ഒരെണ്ണം വീതം എന്ന രീതിയിൽ പ്രധാന കേന്ദ്രങ്ങളിൽ ചാർജിംഗ് | (ബി) | കേരളത്തിലുടനീളം 1140 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി, ഒരു നിയോജക |

| | | | |
|---|---|---|---|
| | സ്റ്റേഷനുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | മണ്ഡലത്തിൽ ചുരുങ്ങിയത് 5 ചാർജ്ജിംഗ് പോയിന്റുകൾ വരുന്ന തരത്തിലും കോർപ്പറേഷൻ പരിധിയിൽ വരുന്ന നിയോജകമണ്ഡലങ്ങളിൽ 15 ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുമായി കെ.എസ്.ഇ.ബി.എൽ. മുന്നോട്ട് പോകുന്നു.<br><br>അത്തരത്തിൽ പുതുക്കാട് നിയോജകമണ്ഡലത്തിൽ ചുവടെ ചേർക്കുന്ന സ്ഥലങ്ങളിലാണ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കുന്നത്. ഒരു മാസത്തിനകം പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1. നെല്ലായ്<br><br>2. പുതുക്കാട്<br><br>3. വരന്തരപ്പള്ളി<br><br>4. പാലേയംകര<br><br>5. വല്ലച്ചിറ<br><br>ദേശീയ പാത, എം.സി റോഡ്, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂര വ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി യാണ് അനെർട്ട് സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ